(സി) ഈ പദ്ധതി പൂർത്തിയാകുന്നതോടെ ആഭ്യന്തര-വിദേശ വിനോദ സഞ്ചാരികൾക്ക് പ്രിയപ്പെട്ട കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നായി ജഡായു പാറ മാറുന്നതാണ്.

ഹൗസ് ബോട്ട് വ്യവസായത്തിലെ തകർച്ച

318 (2874) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഹൗസ് ബോട്ട് വ്യവസായത്തെ മദ്യനിരോധന നയവും ബാർ നിരോധനനയവും ഗുരുതരമായ രീതിയിൽ ബാധിച്ചിട്ടുണ്ടെന്നുള്ള ഹൗസ് ബോട്ട് വ്യവസായികളുടെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; ഇക്കാര്യത്തിൽ സർക്കാർ തീരുമാനം കൈകൊണ്ടിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) വലിയ തുക ബാങ്ക് വായ്പയെടുത്ത് തുടങ്ങിയ പ്രസ്തുത വ്യവസായം മുന്നോട്ടു കൊണ്ടുപോകാനാകുന്നില്ലെന്നും തവണകൾ അടയ്ക്കാൻ പോലും കഴിയുന്നില്ലെന്നും വ്യവസായികൾ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദീകരണം നൽകുമോ ;

(സി) മദ്യനിരോധന നയത്തെ ടൂറിസം വകുപ്പ് സ്വാഗതം ചെയ്യുന്നുണ്ടോ ; എങ്കിൽ എന്തുകൊണ്ട് ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. പരിശോധിച്ചുവരുന്നു.

ഇക്കോ ടൂറിസം പദ്ധതികൾ

319 (2875) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ ഇക്കോ ടൂറിസം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; ഓരോന്നിന്റെയും പ്രത്യേകതകൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതികളിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള കർമ്മ പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ടൂറിസം വകുപ്പിന്റെ കീഴിൽ നിലവിലുള്ള ഇക്കോടൂറിസം പദ്ധതികൾ താഴെപ്പറയുന്നവയാണ് :

ചിമ്മിനി, കോന്നി, സൈലന്റ്വാലി, ഇരവികുളം, രാജമല, നെയ്യാർ-പേപ്പാറ, ജഡായുപാറ, ആറളം, തെന്മല, പക്കം-കുറുവ, ഇഷാരഗിരി, ജാനകിക്കാട്, മറയൂർ, പൊന്മുടി, ശെന്തുരുണി, മങ്കയം, വാൽപ്പാറ, ഗവി, പാലരുവി, തിരുവില്വാമല, അഞ്ചുരുളി, ചെല്ലാർ, കോവിൽ, വയനാട്, അരിപ്പ, ചിന്നാർ, കമ്പമല, പറമ്പിക്കുളം, മണ്ണാർകാട്, അനങ്ങൻമല, കുട്ടിക്കുത്തുപാറ, മരുതിമല, പരുത്തുറാഞ്ചിമണപ്പുറം, വെള്ളിക്കീൽ ഇവയാണ്.

ഇക്കോടൂറിസം കേന്ദ്രങ്ങൾ ഏറിയ പങ്കും വനപ്രദേശങ്ങളിലാകയാൽ പൊതു ടൂറിസം കേന്ദ്രങ്ങളിൽനിന്നും ഭിന്നമായി ഇക്കോടൂറിസം കേന്ദ്രങ്ങളി ലെല്ലാം തന്നെ പ്രദേശത്തിന്റെ സ്വാഭാവിക പരിസ്ഥിതിക്കനുകൂലമായ വിനോദസഞ്ചാര പ്രവർത്തനങ്ങളാണ് നിലവിലുള്ളത്. ട്രക്കിംഗ്, ബോട്ടിംഗ്, അക്വേറിയം, ഇന്റർപ്രട്ടേഷൻ സെന്റർ, വ്യൂ പോയിന്റ്, ലൂക്കൗപാലം, കുട്ടികളുടെ പാർക്ക്, ഇരിപ്പിടങ്ങൾ, ടോയ് ലെറ്റ് എന്നീ സൗകര്യങ്ങളാണുള്ളത്.

(ബി) ഇക്കോടൂറിസം കേന്ദ്രങ്ങളിൽ പരിസ്ഥിതിയെ ദോഷകരമായി ബാധിക്കാത്ത തരത്തിൽ വാഹകശേഷിക്ക് അനുസരിച്ചാണ് സഞ്ചാരികളെ അനുവദിക്കുന്നത്. പ്രകൃതിയുടെ സ്വാഭാവിക സൗന്ദര്യം ആസ്വദിക്കാനാണ് ഇക്കോടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികൾ എത്തുന്നത്. ആകയാൽ പ്രദേശത്തിന്റെ സ്വാഭാവിക ഭൂപ്രകൃതിക്ക് കോട്ടം വരാത്ത തരത്തിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കി കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികളാണ് ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ആവിഷ്കരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly